I/27331/2023

<u>"ഭരണഭാഷ – മാതൃഭാഷ"</u>

ഹയർ സെക്കന്ററി വിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം,
ഹൌസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

നം.എച്ച്.എസ്.ഇ/8784/2023-എസിഡി എസ് പി എൽ1 തീയതി: 16-08-2023

<u>പരിപത്രം</u>

വിഷയം:- ജൂലായ് 5 ന ക്ലാസ്സ് തുടങ്ങിയ ശേഷം അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് നഷ്ടമായ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന 14.08.23 ൽ ആർ.ഡി.ഡി.മാരും അധ്യാപകസംഘടനകളും പങ്കെടുത്ത ഓൺലൈൻ മീറ്റിംഗിലെ നിർദേശങ്ങൾ

ജൂലായ് 5 നക്ലാസ് തുടങ്ങിയശേഷം അഡ്മിഷൻ ലഭിച്ച പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നഷ്ടമായപാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിന് സ്കൂളടിസ്ഥാനത്തിൽ പ്ലാൻ ഓഫ് ആക്ഷൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതായി കാണുന്നു. 25 ദിവസംവരെ അധ്യയന ദിനങ്ങൾ നഷ്ടമായവരുണ്ടാകാം.

ഒരേ ക്ലാസ്സിൽ തന്നെ 5 ഘട്ടങ്ങളിലായി (മൂന്ന് സപ്ലിമെന്ററി അലോട്മെന്റുകളിലൂടെയും രണ്ട് ട്രാൻസ്ഫർ അലോട്മെന്റുകളിലൂടെയും മാനേജ്മെൻറ്, കമ്യൂണിറ്റി അഡ്മിഷനിലൂടെയും പുതുതായി വന്നവരും കോമ്പിനേഷൻ മാറിവന്നവരും ഉണ്ടാകാം. അതിനാൽ പഠിക്കാത്ത പാഠഭാഗങ്ങൾ സംബന്ധിച്ച് വ്യത്യസ്ത ആവശ്യകതയുള്ള വിദ്യാർത്ഥികളാണുണ്ടാവുക. ഇക്കാര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു:

1. വൈകി അഡ്മിഷൻലഭിച്ച വിദ്യാർത്ഥികളുടെ ഓരോക്ലാസിലെയും എണ്ണമെടുത്ത് അവരെ പഠിപ്പിക്കുന്നതിന് സ്കൂൾ അടിസ്ഥാനത്തിൽ സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ഷെഡ്യൂൾ തയ്യാറാക്കണം.

2 . പര്യാപ്തമായ സമയം പി.ടി.എ.യുടെ അനുമതിയോടെ രാവിലെയോ, വൈകുന്നേരങ്ങളിലോ, ശനിയാഴ്ചകളിലോ, തിങ്കൾ-വെള്ളി ദിവസങ്ങൾക്കിടയിലെ അവധി ദിവസങ്ങളിലോ സ്കൂൾ സാഹചര്യമനുസരിച്ച് കണ്ടെത്തി ഷെഡ്യൂൾ തയ്യാറാക്കണം.

3. വേണമെങ്കിൽ ഒന്നുരണ്ടാഴ്ച അവസാനത്തെ പിരീഡ് ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേകക്ലാസ് നൽകാവുന്നതാണ്.

4 . സെപ്റ്റംബർ അവസാനയാഴ്ച്ച രണ്ടാം വർഷവിദ്യാർത്ഥികളുടെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയാണ്. പ്രസ്തുത ദിവസങ്ങളിൽ ആവശ്യമുള്ളയിടങ്ങളിൽ ക്ലാസ് ക്രമീകരിക്കാവുന്നതാണ്.

5 . ഒരേവിഷയകോമ്പിനേഷനിൽ ഒന്നിലധികം ബാച്ചുകളുള്ള സ്കൂളുകളിൽ ഇങ്ങനെയുള്ള പരിഹാരബോധനത്തിന് ആവശ്യകതയുള്ള വിദ്യാർത്ഥികളെ ഒരുമിച്ച് പഠിപ്പിക്കാം.

6. എല്ലാ സ്കൂളുകളിലും ഷെഡ്യൂൾ തയ്യാറാക്കി ക്ലാസുകൾ നടത്താനുള്ള ചുമതല പ്രിൻസിപ്പൽമാർക്കാണ്. ഓരോ സ്കൂളിലും തയ്യാറാക്കുന്ന ഷെഡ്യൂൾ ആർ.ഡി.ഡി.മാർക്ക് ലഭ്യമാക്കേണ്ടതും ആർ.ഡി.ഡി.മാർ അത് സംബന്ധിച്ച് ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട്

I/27331/2023

നൽകേണ്ടതുമാണ്.

Signed by
Shanavas S Ias
Date: 16-08-2023 16:19:14
പൊതു വിദ്യാഭ്യാസഡയറക്ടർ

എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും.
എല്ലാ ആർ ഡി ഡി മാർക്കും